പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *319 — 23.06.2014- ലെ മറുപടിക്ക്

## സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. എം. ഉമ്മർ:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. പി. ബി. അബ്ദുൾ റസാക്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാന ഇന്നോവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. നവീനമായ ആശയങ്ങൾ വളർത്തിയെടുക്കുവാൻ സംസ്ഥാന സർക്കാരിനെ സഹായിക്കുക.<br>2. യുവപ്രതിഭകളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രാദേശിക തലത്തിൽ കോളേജുകളും, യൂണിവേഴ്സിറ്റികളും സ്ഥാപിക്കുന്നതിനും, ഇടത്തരം ചെറുകിട വ്യവസായങ്ങളും, ഗവേഷണ വികസന സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വേണ്ട പ്രോൽസാഹനവും നൽകുക.<br>3. നൂതന ആശയങ്ങളെ സംസ്ഥാനത്ത് നിലവിലുള്ള അവസരങ്ങളുമായി അനുബന്ധിപ്പിക്കുക.<br>4. നവീന ആശയങ്ങളും, സംരംഭങ്ങളും കണ്ടെത്തി അവ ആവിഷ്ക്കരിച്ചവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുകയും, അതു സംബന്ധിച്ച വിജയ ചരിത്രം പ്രചരിപ്പിക്കുകയും ചെയ്യുക.<br>5. നൂതനആശയങ്ങൾക്കായി സെമിനാറുകൾ, പ്രഭാഷണങ്ങൾ, പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുകയും പഠനത്തിനായി സ്റ്റേറ്റ് ഇന്നവേഷൻ പോർട്ടൽ സൃഷ്ടിക്കുകയും ചെയ്യുക. |

6. നൂതനമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ വേണ്ട സഹായം ചെയ്യുക.
7. അടുത്ത 10 വർഷ കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന നൂതന ആശയങ്ങൾ സംബന്ധിച്ചും, സംരംഭങ്ങൾ സംബന്ധിച്ചുമുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും, അതിലേയ്ക്കായി കരുതൽ മൂലധനം സംഘടിപ്പിക്കുകയും ചെയ്യുക.

| | | | |
|---|---|---|---|
| (ബി) | കൗൺസിലിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ മുൻ ചീഫ് സെക്രട്ടറി, ശ്രീ. കെ. ജോസ് സിറിയക് ചെയർമാനായി സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൗൺസിൽ അംഗങ്ങളെ നിയമിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (സി) | ഇന്നൊവേഷൻ കൗൺസിലിന്റെ പ്രവർത്തന രീതി വിശദമാക്കുമോ? | (സി) | ഇന്നവേഷൻ കൗൺസിലിലേയ്ക്ക് ഉന്നത സർക്കാർ ഉദ്യോഗസ്ഥരേയും വ്യവസായ പ്രമുഖരേയും കൂടാതെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തി നേടിയിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം, വിദ്യാഭ്യാസം, വിവര-സാങ്കേതികം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖരെ ഈ കൗൺസിലിൽ ഉൾപ്പെടുത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ